മി. സ്പീക്കർ: ഓർഡർ... ഓർഡർ ....

**അടിയന്തരപ്രമേയം**

തീരപ്രദേശങ്ങളിലെ പ്രതിസന്ധികൾ

മി. സ്പീക്കർ: ചുഴലിക്കാറ്റും കടൽക്ഷോഭവുംമൂലം സംസ്ഥാനത്തെ തീരപ്രദേശങ്ങളിലുണ്ടായ കനത്തനാശനഷ്ടവും തീരദേശവാസികളുടെ ജീവിതത്തിലുണ്ടായ പ്രതിസന്ധിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മന്ത്രി, ഈ കോവിഡ് പശ്ചാത്തലത്തിൽ സമയം പരമാവധി ചുരുക്കണമെന്ന് നമ്മൾ നിശ്ചയിച്ചിട്ടുണ്ട്. അത് തുടക്കത്തിൽത്തന്നെ ഓർമ്മിപ്പിക്കുകയാണ്.

ജലവിഭവവകുപ്പ് മന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേരളത്തിൽ പ്രധാനമായും നേരിട്ട നാശനഷ്ടം സൃഷ്ടിച്ചത് അറബിക്കടലിലുണ്ടായ 'ടൗട്ടെ' ചുഴലിക്കാറ്റിന്റെ പ്രഭാവമാണ്. മെയ്

പതിനൊന്നാം തീയതി മുതൽ മെയ് ഇരുപതാം തീയതി വരെ കേരളത്തിൽ ചുഴലിക്കാറ്റിനോടനുബന്ധിച്ചുണ്ടായ കാറ്റിലും മഴയിലും തീരശോഷണത്തിലും 183 വീടുകൾ പൂർണ്ണമായും 2980 വീടുകൾ ഭാഗികമായും തകർന്ന് 10 പേർ മരണപ്പെട്ടിട്ടുണ്ട്. 20259 ഹെക്ടർ സ്ഥലത്തെ കൃഷി നഷ്ടപ്പെട്ടിട്ടുണ്ട്. 175 ക്യാമ്പുകളിലായി 5235 വ്യക്തികളെ മാറ്റിപ്പാർപ്പിക്കേണ്ടതായും വന്നു. 367.8 കിലോമീറ്റർ തദ്ദേശസ്ഥാപന റോഡുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്. 15 സ്കൂളുകളും 11 പ്രൈമറി ഹെൽത്ത് സെൻററുകളും ബാധിക്കപ്പെട്ടിട്ടുണ്ട്. ബംഗാൾ ഉൾക്കടലിൽ മെയ് മാസത്തിൽത്തന്നെ രൂപപ്പെട്ട 'യാസ്' ചുഴലിക്കാറ്റ് കേരള തീരത്ത് തീരശോഷണത്തിന് കാരണമായിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനംമൂലം അടിക്കടിയുണ്ടാകുന്ന തീവ്ര പ്രകൃതിദുരന്ത പ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിന് സുസ്ഥിരമായ സമഗ്രനടപടികൾ ആവശ്യമെന്ന് കാണുന്നു. കിഫ്ബിയുടെ നേതൃത്വത്തിൽ ഇത്തരമൊരു പദ്ധതിയുടെ ആസൂത്രണം ആരംഭിച്ചിട്ടുണ്ട്. പൂന്തുറ മുതൽ വലിയതുറ വരെ ഓഫ്ഷോർ ബ്രേക്ക് വാട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് 150 കോടിരൂപയുടെ കിഫ്ബി പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. പൂന്തുറ മുതൽ 750 മീറ്റർ പൈലറ്റ് പ്രോജക്ട് ടെൻഡർ ചെയ്തുകഴിഞ്ഞു. പണി ഉടനാരംഭിക്കും.

കേരളത്തിൽ 10 തീവ്രശോഷണ പ്രദേശങ്ങളാണുള്ളത്. ഈ സ്ഥലങ്ങളിൽ

വേഗതയിൽത്തന്നെ അടിയന്തര പ്രാധാന്യത്തോടുകൂടി പരിഹാരങ്ങൾ കാണുകയും മറ്റ് പ്രദേശങ്ങളെ സംബന്ധിച്ച് വിശദമായ പഠനങ്ങൾ അതേ സമയംതന്നെ നടത്തുകയും ചെയ്യുകയെന്നതാണ്. തീവ്രശോഷണ മേഖലകളിൽ tetrapod, tetrapot എന്നിവ പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച് കിഫ്ബിയുടെ നേതൃത്വത്തിലുള്ള ജലസേചന വകുപ്പും ദുരന്തനിവാരണ അതോറിറ്റിയും ഉൾപ്പെടെ ആദ്യയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 28.05.2021-ന് നടത്തി. ദേശീയദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിൽ തീരശോഷണം ദുരന്തമായി വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ, ദുരന്തഘട്ടങ്ങളിൽ മതിയായ രീതിയിൽ സമയബന്ധിതമായി ഇടപെട്ട് ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനായുള്ള സാമ്പത്തിക പരിമിതി സംസ്ഥാനങ്ങൾക്ക് പൊതുവിലുണ്ട്. എന്നാൽ, സംസ്ഥാനങ്ങളിൽ ലഭ്യമായ ദുരന്ത പ്രതികരണനിധിയുടെ 10 ശതമാനം വരെ സംസ്ഥാനതല ദുരന്തങ്ങൾക്കായി വിനിയോഗിക്കാമെന്ന വ്യവസ്ഥ ഉൾക്കൊണ്ടുകൊണ്ട് തീരശോഷണം ഉൾപ്പെടെ ഏഴ് പ്രകൃതി പ്രതിഭാസങ്ങളെ കേരളം ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വർഷത്തെ ദുരന്തപ്രതികരണ മാർഗ്ഗരേഖ അനുസരിച്ച് സംസ്ഥാനത്തിന്റെ തീരശോഷണം നേരിടുന്ന പഞ്ചായത്തുകളിൽ ജിയോട്യൂബ്,

ജിയോബാഗ് എന്നിവ സ്ഥാപിച്ച് പ്രതിരോധിക്കാൻ ഉതകുന്നവിധം ഒരു പഞ്ചായത്തിൽ നാലുലക്ഷം രൂപയും, മുനിസിപ്പാലിറ്റിയിൽ അഞ്ചുലക്ഷം രൂപയും, കോർപ്പറേഷനിൽ ഏഴുലക്ഷം രൂപയും വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് കാര്യമായി ഒട്ടുംതന്നെ പര്യാപ്തമല്ലായെന്നതിനാൽ ദേശീയ തീരശോഷണത്തെ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്ന് 26.05.2021-ൽ കത്ത് മുഖേന പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25.05.2021-ന് ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്തിരുന്നു. കടലാക്രമണം രൂക്ഷമായ മേഖലകളിൽ കടലാക്രമണത്തെ ചെറുക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രതിരോധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ തീരദേശങ്ങളിലെ ജനപ്രതിനിധികളെ സംഘടിപ്പിച്ച് യോഗങ്ങൾ ചേർന്നിരുന്നു. ആ യോഗത്തിലുണ്ടായ തീരുമാനങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഇറിഗേഷൻ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയാണ്. കൂടാതെ, നാലുവർഷംകൊണ്ട് 5000 കോടിരൂപയുടെ കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾക്ക് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് രൂപപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ, എറണാകുളം ജില്ലയിലെ ചെല്ലാനം മുതൽ ഫോർട്ട് കൊച്ചിവരെ

നീളുന്ന 17.9 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശങ്ങൾ കടൽവെള്ളപ്പൊക്ക ഭീഷണിയിലാണ്. നല്ല വീതിയുള്ള ഒരു തീരം ഇതിനകം തന്നെ നഷ്ടപ്പെട്ടുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അടുത്തകാലത്തായി 237.90 ലക്ഷം രൂപയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. 2010-ൽ ടി ആകൃതിയിൽ ഒന്ന് കണ്ണിമലയിലും, ബൾബ് ആകൃതിയിൽ 200 മീറ്റർ അകലത്തിൽ രണ്ട് പുലിമുട്ടുകൾ മലക്കപ്പടിയിലും 30 മീറ്റർ നീളത്തിൽ നിർമ്മിച്ചു. കടലാക്രമണം ഏറ്റവും രൂക്ഷമായ വാച്ചക്കാൽ, കമ്പനിപ്പടി, ബസാർ, വെള്ളാങ്കണ്ണി, ചെറിയകടവ് എന്നീ പ്രദേശങ്ങളിലായി എട്ട് കോടിരൂപയുടെ ജിയോട്യൂബ് ഉപയോഗിച്ചുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള അഞ്ച് പ്രവർത്തികൾ പുരോഗമിക്കുകയുണ്ടായി. എറണാകുളം ജില്ലാകളക്ടറുടെ ഫണ്ടിൽനിന്നും കഴിഞ്ഞവർഷം അനുവദിച്ച 10 ലക്ഷം രൂപയുടെ പ്രവർത്തികൾ കണ്ണമാലി, ചാളക്കടവ്, മലക്കപ്പടി പ്രവർത്തികൾ കണ്ണമാലി-പരപ്പാടി ഭാഗത്ത് ജിയോട്യൂബുകൾ ഉപയോഗിച്ചുള്ള അടിയന്തര താൽക്കാലിക സംരക്ഷണ കടൽഭിത്തിയുടെ നിർമ്മാണ പ്രവർത്തിയും നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി അടിയന്തരമായി വാച്ചക്കാൽ, കമ്പനിപ്പടി, ചെറിയകടവ്, ബസാർ, വെള്ളാങ്കണ്ണി, മറവക്കാട്, ചാളക്കടവ്, പുത്തൻതോട്

മുതലായ സ്ഥലങ്ങളിൽ ജിയോബാഗ് ഉപയോഗിച്ചുള്ള 164 ലക്ഷംരൂപയുടെ താൽക്കാലിക സംരക്ഷണഭിത്തിയുടെ നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുള്ളത് ഒരുപരിധിവരെ കടലാക്രമണത്തെ ചെറുക്കാൻ സഹായിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും 15 കോടിരൂപയും എറണാകുളം ഡി.ഡി.എം.എ.-യിൽ നിന്നും ഒരു കോടിരൂപയും അനുവദിച്ചിട്ടുണ്ട്. ടി തുക ചെല്ലാനം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കടൽഭിത്തിയുടെ പുനരുദ്ധാരണങ്ങൾക്കായി 10 പ്രവർത്തികൾക്ക് ടെൻഡർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ, ഏഴ് പ്രവർത്തികൾക്ക് ടെൻഡർ തുകയേക്കാൾ 50 ശതമാനം മുകളിലാണ് കരാറുകാരന്റെ നിരക്കുകൾ. കല്ലിന്റെ ദൗർലഭ്യവും പദ്ധതി പ്രദേശത്ത് എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടും കാരണമാണ് നിരക്ക് അധികരിക്കുന്നതെന്നാണ് കരാറുകാരൻ അവകാശപ്പെടുന്നത്. അതിനാൽ അനുമതിക്കായി ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇതാണ് പറയാനുള്ളത്. മത്സ്യമേഖലയെ സംബന്ധിച്ച് ഫിഷറീസ് മന്ത്രി പറയും. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവുമില്ല.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ വിശദമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി

ഇവിടെ നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞു. കേരളത്തിന്റെ ഏതാണ്ട് 590 കിലോമീറ്റർ ദൈർഘ്യത്തിൽ വരുന്ന തീരദേശത്ത് പഠനം നടത്തിയപ്പോൾ 55 കിലോമീറ്ററാണ് അതിരൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നതെന്ന് പഠിച്ചിട്ടുള്ളത്. ദീർഘകാലമായി ഒരുപാട് ഗവേഷണങ്ങൾ ഇക്കാര്യത്തിൽ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷം ശ്രദ്ധേയമായ ഒട്ടേറെ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കുവാൻ മുൻകൈ എടുത്തു. ധാരാളം പദ്ധതികൾ നടപ്പിലാക്കിവരികയാണ്. അതിന്റെ ഒരു പരിശോധന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ ആറ് മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തി. ആ യോഗത്തിൽ ഏതാണ്ട് പന്ത്രണ്ടോളം തീരുമാനങ്ങളെടുത്തു. അതിലൊന്ന്, തീരദേശത്തിന്റെ പ്രത്യേകമായ പരിതസ്ഥിതിയും സാഹചര്യവും മനസ്സിലാക്കി ചില മാർഗ്ഗങ്ങൾ സംരക്ഷണത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്നുള്ളതുകൊണ്ടുമാണ്. അതിൽ tetrapod ഉണ്ട്, കരിങ്കല്ല് നിർമ്മാണമുണ്ട്. അത്തരത്തിലുള്ള നിരവധി ഓപ്ഷൻസ് അക്കാര്യത്തിൽ നമുക്ക് പ്രയോഗിക്കാൻ പറ്റും. ഇതിന്റെ ഭാഗമായിട്ടാണ് ചെല്ലാനത്ത് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ ഭേദഗതി വരുത്തി tetrapod സംവിധാനത്തിലൂടെ അത് നടപ്പിലാക്കണമെന്ന തീരുമാനമെടുത്ത്

അതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചുവരുന്നത്. മറ്റൊരുകാര്യം തീരുമാനിച്ചത് മഴക്കാലം കഴിഞ്ഞാൽ ഇപ്പോൾ നടന്നുവരുന്ന എല്ലാ പ്രവർത്തനവും ശക്തിപ്പെടുത്തുവാനായി വിവിധ ഡിപ്പാർട്ട്മെന്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ മോണിറ്ററിംഗ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇറിഗേഷൻ മന്ത്രിയും പ്രത്യേകിച്ച് എറണാകുളം ജില്ലയിൽനിന്നുള്ള വ്യവസായവും നിയമവും വകുപ്പുമന്ത്രി ശ്രീ. പി. രാജീവും അതുപോലെതന്നെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവും ഞാനുമടക്കം പങ്കെടുത്തുകൊണ്ടുള്ള മന്ത്രിതല ചർച്ചകൾ നടന്നു. എറണാകുളത്ത് നേരിട്ട് ഞങ്ങൾ രണ്ടുമന്ത്രിമാരും പങ്കെടുത്ത് ജില്ലാതല റിവ്യൂ നടത്തി. എല്ലാ മേഖലാതലങ്ങളിലും ജില്ലാതലത്തിലും പരിശോധനകൾ നടത്താൻ ചാർജ്ജ്കാരായ മന്ത്രിമാരെ ചുമതലപ്പെടുത്തി. എല്ലാ ജില്ലാതലത്തിലും അതിന്റെ മീറ്റിംഗുകൾ നടന്നു. തീർച്ചയായും മഴകഴിയുമ്പോൾ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള മുഖ്യമന്ത്രിയുടെ നിർദ്ദേശം നടപ്പിലാക്കുവാൻ തീരുമാനിച്ചുകഴിഞ്ഞു.

മറ്റൊരുകാര്യം തീരുമാനിച്ചത് ഈ നദികളിലടിയുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തികൾ ശക്തിയായി തുടരും. ഇപ്പോൾ ഹരിതകേരള മിഷന്റെ ഭാഗമായി ധാരാളം നദികൾ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. അത്

കൂടുതൽ ശക്തിപ്പെടുത്താനുള്ള അതിന്റെ മോണിറ്ററിംഗ് നടത്തുവാൻ തീരുമാനിച്ചു. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാനം ഞാൻ ഇവിടെ പറഞ്ഞതുപോലെ തീരമേഖലയുടെ സംരക്ഷണം തന്നെയാണ്. ഇതിൽ ഇപ്പോഴുള്ള പ്രധാന പ്രശ്നം സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയാണ്, ഒരുപാട് തടസ്സങ്ങളുണ്ട്. കേന്ദ്രഗവൺമെന്റിന്റെ നല്ല സഹായം വേണം. പ്രത്യേകിച്ച് കടൽ എന്നത് കേന്ദ്രഗവൺമെന്റിന്റെ അധികാരപരിധിയിൽ വരുന്നതാണ്. തീരവും തീരത്തെതൊഴിലാളികളെയും സംരക്ഷിക്കുന്ന ഉത്തരവാദിത്വം നമുക്ക് ഉണ്ടെന്ന് പറയുമ്പോൾത്തന്നെ കടലിൽനിന്നുള്ള ആക്രമണമാണ് തീരത്തിന്റെ സുരക്ഷയെ ബാധിക്കുന്നത്. അക്കാര്യത്തിൽ കേന്ദ്രത്തിന്റെ നല്ല ഇടപെടലുകളുണ്ടാകണം. മുഖ്യമന്ത്രിതന്നെ നേരിട്ട് അക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്, അതിന് തീരുമാനമായിട്ടുണ്ട്. പിന്നെ തീരുമാനിച്ചത് ചെല്ലാനം മേഖലയുമായി ബന്ധപ്പെട്ടതാണ്. ഒരുപാട് ചർച്ചകൾ നടന്ന ഒരു മേഖലയാണ്. അതിനുവേണ്ടി ആദ്യം പറഞ്ഞതുപോലെ നാലുമന്ത്രിമാരുടെ ഒരു യോഗം കൂടി. പിന്നെ ഞാനും ശ്രീ. രാജീവ് മിനിസ്റ്ററും കൂടി പങ്കെടുത്ത് അവിടെ ജില്ലാതലത്തിൽ യോഗം ചേർന്നു. അവിടെ നിലവിലുണ്ടായിരുന്നത് എട്ട് കോടിരൂപയുടെ ഒരു പ്രോജക്ടായിരുന്നു. ആ

എട്ട് കോടിരൂപയുടെ പദ്ധതി ഇപ്പോൾ നന്നായി നടത്താൻ വേണ്ടിയുള്ള നിർദ്ദേശം കൊടുത്തു. അത് നന്നായി നടത്തി മുന്നോട്ടുപോകുകയാണ്. അവിടെ 16 കോടി രൂപ സംസ്ഥാന ഗവൺമെൻറ് കൊടുത്തിരുന്നു. 8 കോടിരൂപയുടെ ജിയോട്യൂബ് പദ്ധതിയായിരുന്നു. അത് കരിങ്കല്ലുപയോഗിച്ചുകൊണ്ടുള്ള പദ്ധതിയാണ് ആലോചിച്ചത്. ആ പദ്ധതി ഒന്നുമാറ്റി tetrapod വഴിയുള്ള പദ്ധതി നടപ്പിലാക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവിടെ പഠന റിപ്പോർട്ട് ഉണ്ടായിരുന്നു. ഒരു മാസത്തിനുള്ളിൽ ഞങ്ങൾ അതിൻെറ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഒന്നരമാസത്തിനകം ചെല്ലാനത്ത് 16 കോടിരൂപയുടെ നിർമ്മാണം ആരംഭിക്കും. ഇപ്പോൾ സംസ്ഥാന ഗവൺമെൻറ് രണ്ടുകോടിരൂപ അനുവദിച്ചു. അതും ചെല്ലാനത്ത് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. 35 ലക്ഷംരൂപ നേരത്തെ ഇറിഗേഷൻ വകുപ്പ് കൊടുത്തതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ കടൽ കയറിയതിൻെറ ഭാഗമായി മണ്ണ് വീണ് അവിടെ രണ്ട് തോട് അടഞ്ഞിട്ടുണ്ട്. അതിനുവേണ്ടി 245 ലക്ഷം രൂപ നവീകരണത്തിനുവേണം. ആ പണം കൊടുക്കുന്നതിനെപ്പറ്റി ഇപ്പോൾ ഫിഷറീസ് വകുപ്പ് ആലോചിക്കുന്നുണ്ട്.

വേമ്പനാട് കായലിന്റെ സംരക്ഷണം സംബന്ധിച്ചാണ് മറ്റൊരു തീരുമാനമെടുത്തത്. വേമ്പനാട് കായൽ സംരക്ഷണം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ പ്രഖ്യാപിച്ച പ്രോജക്ടാണ്, അത് സംബന്ധിച്ചാണ് മറ്റൊരു തീരുമാനമെടുത്തത്. പ്രസ്തുത പ്രോജക്ട് നടപ്പാക്കാനുള്ള നിർദ്ദേശം വന്നിട്ടുണ്ട്, അത് നമ്മൾ ഏറ്റെടുക്കുമെന്ന കാര്യം പറയാനാഗ്രഹിക്കുകയാണ്. മഴക്കാലരോഗങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താനായി തീരുമാനിച്ചിരുന്നു. രോഗപ്രതിരോധത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വിവിധ വകുപ്പുകൾ തീരുമാനിച്ചു. തീരദേശ സംരക്ഷണത്തിനുവേണ്ടിയുള്ള പല തരത്തിലുള്ള പഠനറിപ്പോർട്ടുകളുണ്ട്. ഓരോ മേഖലയുടെയും സംരക്ഷണത്തിനുവേണ്ടി എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് അവ പഠിച്ച് നടപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മറ്റൊന്ന് കിഫ്ബി വഴി നടക്കുന്ന ഓഫ് ഷോർ വാട്ടർ പദ്ധതിയാണ്. ഏഴ് തീരദേശ സംരക്ഷണ പദ്ധതികളാണ് കിഫ്ബിവഴി നടക്കുന്നത്. ആ ഏഴ് പദ്ധതികളിൽ തലായി ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം പദ്ധതിയ്ക്കായി 3.48 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചു. കൊല്ലം ബീച്ച്

മുതൽ താന്നി വരെയുള്ള തീരസംരക്ഷണം ഏതാണ്ട് അഞ്ചര കിലോമീറ്റർ 35 കോടി 8 ലക്ഷം രൂപയുടെ പണി പുരോഗമിക്കുന്നു. മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ അനുബന്ധകടൽത്തീര സംരക്ഷണം നാല് കിലോമീറ്റർ 13.47 കോടി രൂപയുടെ പണി പുരോഗമിക്കുന്നു. ചേറ്റുവ ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം 750 മീറ്റർ 6.86 കോടി രൂപയുടെ പദ്ധതി ആരംഭ ഘട്ടത്തിലാണ്. മുതലപ്പൊഴി ഫിഷറീസ് ഹാർബർ, താഴംപള്ളി, കഠിനംകുളം കടൽത്തീര സംരക്ഷണം പദ്ധതികൾക്ക് (മൂന്ന് കിലോമീറ്റർ) 18.31 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു, പദ്ധതി ഉടൻ ആരംഭിക്കും. കായംകുളം ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീരസംരക്ഷണം (ഒരു കിലോമീറ്റർ) 2.42 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നുണ്ട്. എത്രയും വേഗം അതിനാവശ്യമായ നടപടിയിലേക്ക് കടക്കും. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ അനുബന്ധ കടൽത്തീര സംരക്ഷണം (ഒരു കിലോമീറ്റർ) 2.40 കോടി രൂപയുടെ പദ്ധതി അതിന്റെ പുനഃക്രമീകരണ പദ്ധതിക്ക് ആവശ്യമായതുകൊണ്ട് കഴിഞ്ഞ ദിവസം ഞാൻ കൂടി പങ്കെടുത്ത മീറ്റിംഗിൽ അതുസംബന്ധിച്ച് തീരുമാനമെടുത്തു. അത് ഉടൻ തന്നെ നടപ്പാക്കും. ഇവിടെ ശംഖുംമുഖം ഭാഗത്താണ് ഏറ്റവും കൂടുതൽ പ്രയാസമിപ്പോൾ വന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ളൊരു കിഫ്ബി പദ്ധതി

അവിടെ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ടോക്കണായി കടലിനുള്ളിലേക്ക് 300 മീറ്റർ ജിയോ ട്യൂബിടുന്ന ഒരു പുതിയ പദ്ധതിയാണ് നടപ്പാക്കാൻ പോകുന്നത്. ഏതാണ്ട് 7 കിലോമീറ്റർ ദൈർഘ്യത്തിലുള്ള പദ്ധതിക്ക് കിഫ്ബി അനുവാദം തന്നു. അതിൽ 100 മീറ്റർ ഒരു പരീക്ഷണമായി നടത്താനായി തീരുമാനിച്ചു. എല്ലാ നടപടികളും പൂർത്തീകരിച്ചു. ആഗസ്റ്റ് മാസത്തിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നാണിപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഇന്ന് പന്ത്രണ്ടാമത്തെ ദിവസമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. കഴിഞ്ഞ കാലത്ത് ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവൺമെന്റ് ചെയ്തുകഴിഞ്ഞു. ഇവിടെ മനസ്സിലാക്കേണ്ടൊരു പ്രശ്നമുണ്ട്. സുനാമി, ഓഖി, അറബിക്കടലിൽ രൂപം കൊണ്ട ടൗട്ടേ ചുഴലിക്കാറ്റ്, ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട യാസ് ചുഴലിക്കാറ്റ് എന്നിവയുണ്ടായി. ഈ പന്ത്രണ്ട് ദിവസം കൊണ്ട് ഞാൻ മനസ്സിലാക്കിയ കാര്യം ഒരു കാലത്തും കേരളത്തിന്റെ തീരത്ത് ഉണ്ടാകാത്ത പ്രതിഭാസമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ യോഗത്തിൽ ഗൗരവമായി ആ പ്രശ്നം ഉന്നയിച്ചു. ഈ പന്ത്രണ്ട് ദിവസത്തിനുള്ളിൽ കേരളത്തിന്റെ പരമാവധി തീരപ്രദേശങ്ങളിൽ ഒരു മന്ത്രിയെന്ന

നിലയിൽ ഞാൻ സന്ദർശിച്ചു. ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ പഠിക്കുമ്പോൾ അതീവ ഗൗരവമായ ഒരു പാരിസ്ഥിതിക പ്രശ്നം സംജാതമാകുന്നുണ്ടോയെന്ന് നമുക്ക് മനസ്സിലാക്കാനാവശ്യമായ നിലയിൽ ഒരു പഠനം അനിവാര്യമായിരിക്കുന്നു. നമുക്ക് പരിമിതികൾ ഒരുപാടുണ്ടെങ്കിലും ഒരുപാട് കാര്യങ്ങൾ നമ്മൾ ചെയ്യുകയാണ്.

<u>മി. സ്പീക്കർ</u>: യെസ്...യെസ്...

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഒരു മിനിട്ട് കൂടി. ഒരു മാതൃകാ ഗ്രാമമായി ചെല്ലാനത്തെ ഏറ്റെടുക്കാൻ നമ്മൾ തീരുമാനിച്ചു. അതിനായി ഫിഷറീസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി. അതിന്റെ സ്റ്റഡി റിപ്പോർട്ട് ഒരു മാസത്തിനകം ലഭിക്കും. കഴിഞ്ഞ ദിവസം അതിന്റെ ഉത്ഘാടനം ഞാനും ബഹുമാനപ്പെട്ട പി. രാജീവ് മിനിസ്റ്ററും കൂടിച്ചേർന്ന് നടത്തി. ചെല്ലാനം ഏറ്റെടുക്കൽ ഗ്രാമപദ്ധതിയിലൂടെ എല്ലാ വകുപ്പുകളെയും ഏകീകരിച്ചുകൊണ്ടുള്ള പ്രോജക്ടാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ആ പദ്ധതി വന്നുകഴിഞ്ഞാൽ തീർച്ചയായും കേരളത്തിലെ മത്സ്യമേഖലയുടെ പ്രശ്നങ്ങൾക്കൊരു ശാശ്വതമായ പരിഹാരം കാണാൻ കഴിയും. വലിയതുറ, പൂന്തുറ, ഒറ്റമശ്ശേരി, ശംഖുംമുഖം, കോവളമടക്കം കേരളത്തിന്റെ ധാരാളം തീരമേഖലയിൽ ഈ പുതിയ പ്രതിഭാസം വന്നിരിക്കുന്നു. കോവളം എന്ന പ്രദേശത്ത് ബഹുമാനപ്പെട്ട പി. എ. മുഹമ്മദ് റിയാസ് മിനിസ്റ്റർ പോയിരുന്നു. ആ

പ്രശ്നം ഞാൻ പഠിച്ചു. ആ പ്രദേശത്ത് ഒരു കാലത്തും ഇത്തരത്തിൽ വെള്ളം കയറിയിട്ടില്ല. കടലിന്റെ 200 മീറ്ററിനുള്ളിൽ ജിയോ ട്യൂബ് ഉപയോഗിച്ചൊരു പരീക്ഷണം നടത്തിയത് വിജയകരമായിരുന്നു. എന്നാൽ ഒരിക്കലും ഉണ്ടാകാത്ത തരത്തിൽ കോവളത്തിന്റെ തീരം പോലും തകരുന്ന നിലയിലേക്ക് എത്തിയിരിക്കുന്നു. വലിയതുറയിലും ഞാൻ സന്ദർശനം നടത്തി. അവിടെ 500 മീറ്റർ കടൽ പുറത്തേക്ക് വന്നിരിക്കുകയാണ്. വലിയതുറ-പൂന്തുറ ഭാഗത്തൊഴുകുന്ന ഒരു നദിതന്നെയിപ്പോൾ മണൽ കയറി മൂടിയിരിക്കുകയാണ്. നമ്മുടെ തീരപ്രദേശത്തുണ്ടാകുന്ന ഈ പ്രതിഭാസത്തെക്കുറിച്ച് പ്രത്യേകമായി നമ്മൾ...

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. സജി ചെറിയാൻ: സർ, ഇതിന്റെ ഭാഗമായി പുനരധിവാസ പദ്ധതിയും അതുപോലെ മറ്റ് കാര്യങ്ങളും......

മി. സ്പീക്കർ: വളരെ ചുരുക്കി സംസാരിക്കണം. ദയവായി അവസാനിപ്പിക്കുക.

ശ്രീ. സജി ചെറിയാൻ: സർ, ഒരു മിനിട്ട് കൂടി. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) എം.എൽ.എ. മിണ്ടാതിരിക്കൂ...(ബഹളം)..ഞാൻ നിങ്ങളുടെ ഭരണകാലത്തെക്കുറിച്ചൊന്നും പറഞ്ഞില്ല. നിങ്ങളെന്നെക്കൊണ്ടൊന്നും പറയിപ്പിക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ്സ് ചെയ്യുക.

ശ്രീ. സജി ചെറിയാൻ: സർ, ഇതു കൂടാതെ സംസ്ഥാനഗവൺമെന്റും ഫിഷറീസ് ഡിപ്പാർട്ടുമെന്റും മറ്റനേകം വകുപ്പുകളുമുണ്ട്. ഈ ഡിപ്പാർട്ടുമെന്റുകൾ നടപ്പാക്കുന്ന ധാരാളം ക്ഷേമ പദ്ധതികളും കേരളത്തിന്റെ തീരപ്രദേശത്ത് നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇതിനെ അതിജീവിച്ച് കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കേൾക്കുകയുണ്ടായി. കൊടുംമഴയും കടൽക്ഷോഭവും കലിതുള്ളുന്ന കാറ്റും നമ്മുടെ തീരദേശത്തെയാകെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. തിരുവനന്തപുരത്തും കൊല്ലത്തുമെല്ലാം നമ്മുടെ മത്സ്യത്തൊഴിലാളികളുടെ വിലപ്പെട്ട ജീവൻ ഈ ദിവസങ്ങളിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. ഒരു വശത്ത് കലിതുള്ളുന്ന കടൽ മറുവശത്ത് അതിതീവ്രതയോടെ വ്യാപിക്കുന്ന കോവിഡ്, ഇതിനിടയിൽ നരകതുല്യ ജീവിതം നിസ്സഹായതയോടെ അനുഭവിക്കുകയാണ് നമ്മുടെ തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളും സാധാരണക്കാരും. ഇതിനുപുറമെ ഒന്നോ രണ്ടോ ദിവസം കഴിയുമ്പോൾ കാലവർഷം വരാൻ പോകുകയാണ്. ട്രോളിംഗ്

നിരോധനം വരികയാണ്. നിലവിലുള്ള പരിതാപകരമായ അവസ്ഥയിലേക്ക് കാലവർഷത്തിന്റെ കെടുതി, ട്രോളിംഗ് നിരോധനം വരുമ്പോഴുണ്ടാകുന്ന വറുതി ഇതിന്റെയെല്ലാം നടുവിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ദുരിതജീവിതം സഭ നിർത്തിവച്ചുതന്നെ ചർച്ച ചെയ്യുന്ന രൂപത്തിലാണ് മന്ത്രിമാരുടെപോലും മറുപടി കേട്ടപ്പോൾ നമുക്കിവിടെ മനസ്സിലാക്കാൻ കഴിയുന്നത്.

രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം രണ്ട് കൊടുങ്കാറ്റായി. ടൗട്ടേയും യാസും. പണ്ടൊക്കെ 5-6 വർഷങ്ങൾ കൂടുമ്പോഴാണ് കൊടുങ്കാറ്റ് വരുന്നത്. ആ കൊടുങ്കാറ്റ്.....(ബഹളം).. ഞാനിതിന്റെ സയൻസാണ് പറയുന്നത്. ശ്രീ. എ. എൻ. ഷംസീർ ഞാനതിന്റെ ശാസ്ത്രമാണ് പറയുന്നത്...(ബഹളം)..

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഡ്രസ് ചെയ്യണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുൻകാലങ്ങളിൽ 5-6 വർഷങ്ങൾ കൂടുമ്പോഴാണ് കൊടുങ്കാറ്റുകൾ വന്നിരുന്നത്. അറബിക്കടലൊരു സൈക്ലോൺ പ്രോൺ ആയിരുന്നില്ല. ശ്രീ. സജി ചെറിയാൻ മന്ത്രി അക്കാര്യമാണ് പറഞ്ഞത്. അതേ കാര്യം തന്നെ ഞാൻ പറയുമ്പോൾ എന്നോട് ചൂടാകേണ്ട കാര്യമില്ല. സൈക്ലോൺ പ്രോൺ ആയി മാറുകയാണിപ്പോൾ. 1998-ന് ശേഷമടിച്ച ഏറ്റവും ശക്തമായ കൊടുങ്കാറ്റാണ് ഇപ്പോൾ വന്ന 'ടൗട്ടേ' (180 km/hr മുതൽ 210 km/hr

വരെ). നാസയുടെ റിപ്പോർട്ട് പ്രകാരമാണെങ്കിൽ 3 അല്ലെങ്കിൽ 4 കാറ്റഗറിയിലുള്ള ചുഴലിക്കൊടുങ്കാറ്റാണിപ്പോൾ അടിച്ചത്. അറബിക്കടലിൽ ചുഴലിക്കൊടുങ്കാറ്റുകളുടെ ഫ്രീക്വൻസിയും ഇന്റൻസിറ്റിയും കൂടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കടൽ ചൂടാകുകയാണ്. ഓഷ്യൻ വാമിംഗ് ഒരു പ്രധാനപ്പെട്ട ക്ലൈമറ്റ് ഇഷ്യൂ ആണ്.

National Oceanic and Atmospheric Administration (United States) റിപ്പോർട്ട് പ്രകാരം 141 വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ocean surface temperature report ചെയ്തത് 2020-ലാണ്. നമുക്ക് പരമ്പരാഗതമായ മാർഗ്ഗങ്ങളെ മാത്രം പിൻതുടർന്നുകൊണ്ട് തീരദേശത്തെയും തീരവാസികളെയും സംരക്ഷിക്കാമെന്ന് വിചാരിച്ചാൽ നടക്കില്ല. ശാസ്ത്രീയമായ കൂടുതൽ പഠനങ്ങൾ നമ്മൾ ആവശ്യപ്പെടുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ നമ്മൾ ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് ഇനി നമുക്ക് ഈ പറഞ്ഞ പുലിമുട്ടും കടൽ ഭിത്തികൊണ്ടും പരിഹരിക്കാൻ കഴിയുന്നതല്ല പ്രശ്നങ്ങൾ. വിഴിഞ്ഞം, വലിയതുറ, പൂന്തുറ, പൊഴിയൂർ, ശംഖുംമുഖം, ചെല്ലാനം, ഇടവനക്കാട്, നായരമ്പലം, കരുനാഗപ്പള്ളിയിലെ ആലപ്പാട്, തൃക്കുന്നപ്പുഴ, മലബാർ നിയോജക മണ്ഡലങ്ങളായ താനൂർ, തിരൂർ, തിരൂരങ്ങാടി, പൊന്നാനി, വെട്ടം പഞ്ചായത്ത്, കാസർഗോഡ് മഞ്ചേശ്വരം എന്നിങ്ങനെ കേരളത്തിലെ ഒൻപത് തീരദേശ ജില്ലകളും ഈ രണ്ട്

കൊടുങ്കാറ്റുമായി ബന്ധപ്പെട്ട കടൽക്ഷോഭത്തിലും ദുരിതത്തിലും പ്രയാസമനുഭവിക്കുകയാണ്. ഓരോ പ്രദേശത്തെക്കുറിച്ചും അവിടെ സംഭവിച്ച നാശനഷ്ടങ്ങളെക്കുറിച്ചും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കൂടുതലായി വിശദീകരിക്കും. അതുകൊണ്ട് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള അടിയന്തരമായ പരിഹാര നടപടികളാണ് നമുക്കിവിടെ ആവശ്യമായിട്ടുള്ളത്. ചെല്ലാനത്തിന്റെ കാര്യത്തിൽ ഒരുകാര്യംകൂടി വരികയാണ്, 60 ശതമാനം കോവിഡ്-19 ടെസ്റ്റ് പോസിറ്റിവിറ്റിയാണെങ്കിൽ ഒന്നാലോചിച്ചുനോക്കൂ.... ചെല്ലാനം പഞ്ചായത്തിന്റെ കോവിഡ്-19 ടി.പി.ആർ. 60 ശതമാനമാണ്. 60 ശതമാനവും നടത്തുന്നത് ആർ.ടി.പി.സി.ആർ. ടെസ്റ്റല്ല. 60 ശതമാനം ടി.പി.ആർ. ഉണ്ടാകുമ്പോൾ അതിന്റെ 90 ശതമാനവും ആന്റിജൻ ടെസ്റ്റാണ്. ആന്റിജനെന്ന് പറഞ്ഞാൽ 50-50 ശതമാനമാണ്. അതിന്റെ 20 ശതമാനംകൂടിയെടുത്താൽ 80 ശതമാനവും 85 ശതമാനവും ടി.പി.ആർ. ആണ് ഈ ദുരിതമനുഭവിക്കുന്ന ചെല്ലാനം തീരദേശക്കാർക്കുള്ളത്. അതുകൊണ്ട് ഇവർക്ക് പഴയതുപോലെ ദുരിതാശ്വാസ ക്യാമ്പിൽ ഓടിപോകാൻ സാധിക്കില്ല. പോയസ്ഥലങ്ങളിൽ സൂപ്പർ സ്പ്രെഡ് ഉണ്ടാകുകയാണ്. ഈ അടിയന്തരപ്രമേയം ഇപ്പോൾ പ്രതിപക്ഷം ഈ സഭയിൽ കൊണ്ടുവരുന്നതിന് കാരണം, നാലോ അഞ്ചോ

ദിവസം കഴിയുമ്പോൾ വീണ്ടും മൺസൂൺ വരികയാണ്. ഈ പ്രദേശങ്ങളിൽ കോവിഡ്-19-ഉം കടൽക്ഷോഭവും ഒരുമിച്ചുവരുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ പഴയതുപോലെ പ്രവർത്തിപ്പിക്കാൻ കഴിയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ വലിയ അപകടമുണ്ടാകും. ഇപ്പോൾ കോവിഡ്-19-ന്റെ കാര്യത്തിൽ ടി.പി.ആർ. കുറഞ്ഞ് വരികയാണ്. 15, 14, 13 എന്നൊക്കെ വരുന്നത് ആശ്വാസമാണ്. ഈ മൺസൂണുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ നമ്മൾ കൂടുതലായി ശ്രദ്ധിച്ചില്ലെങ്കിൽ ഇപ്പോഴുള്ള നമ്മുടെ ആശ്വാസത്തെ മുഴുവൻ അപകടകരമായി ബാധിക്കുന്ന അവസ്ഥയിലേക്ക് പോകാനുള്ള സാദ്ധ്യതയുണ്ട്. ചെല്ലാനത്ത് ധാരാളം നിർമ്മാണോൽഘാടനങ്ങൾ നടന്നു. അതെല്ലാം എത്രമാത്രം ഫലത്തിലുണ്ടായിരുന്നുവെന്നത് ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ പറയേണ്ട, അവിടത്തെ ജനങ്ങളോട് നേരിട്ട് പോയി ചോദിച്ചാൽ മതി. മാധ്യമങ്ങൾ അക്കാര്യങ്ങളെല്ലാം പുറത്ത് വിടുന്നുണ്ട്. മലയാള മനോരമ 'കരയുന്ന കര' എന്ന പേരിലും ഏഷ്യാനെറ്റ് 'പാഠം പഠിച്ചോ' എന്ന പേരിലും സ്റ്റോറി സീരീസ് ചെയ്തുകൊണ്ടിരിക്കുന്നു. മാതൃഭൂമിയും, 24 ന്യൂസുമുൾപ്പെടെ എല്ലാ മാധ്യമങ്ങളും ജനങ്ങളുടെ അഭിപ്രായങ്ങൾ പുറത്ത് വിട്ടുകൊണ്ടിരിക്കുകയാണ്. നിർമ്മാണോൽഘാടനങ്ങൾ ഒരുപാടുണ്ടായി, ജിയോ ട്യൂബിന്റെ പരീക്ഷണമുണ്ടായി

അത് പരാജയപ്പെട്ടില്ലേ; ചെല്ലാനത്ത് പരാജയപ്പെട്ട ജിയോ ട്യൂബാണ് ശംഖുംമുഖത്ത് നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു മിനിട്ട് മുമ്പ് പ്രഖ്യാപിച്ചത്. ചെല്ലാനത്ത് അത് പരാജയമായിരുന്നെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം ആ പരാജയപ്പെട്ട മാതൃകകൾ മറ്റൊരുസ്ഥലത്തേക്ക് കൊണ്ടുവന്നാൽ എന്ത് പ്രയോജനമാണുണ്ടാകുന്നത്. അവഗണനയുടെ, കെടുകാര്യസ്ഥതയുടെ, വിവേചനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ശംഖുംമുഖം റോഡ്. ഓഖിയിലാണ് ശംഖുംമുഖം തീരം നഷ്ടപ്പെട്ടത്. അതുകഴിഞ്ഞ് 2018-ലാണ് ശംഖുംമുഖം റോഡ് തകർന്നത്. 2018-ൽ ശംഖുംമുഖം റോഡ് തകർന്നിട്ട് 2021-ലെ അടിയന്തര പ്രമേയത്തിലും നമ്മളിത് ചർച്ച ചെയ്യുകയല്ലേ. തിരുവനന്തപുരത്തെ പ്രധാനപ്പെട്ട എയർ പോർട്ട് റോഡാണത്. എയർപോർട്ടിലേക്ക് ഇപ്പോൾ ആ റോഡിലൂടെ പോകാൻ കഴിയുമോ? ശംഖുംമുഖം റോഡ് പൂർണ്ണമായും നഷ്ടപ്പെട്ടു. എയർപോർട്ടിന്റെ മതിലിനടുത്തുവരെ കടൽ വന്നിരിക്കുകയാണ്. മൺസൂൺ ശക്തമായാൽ തിരുവനന്തപുരം വിമാനത്താവളം അടച്ചിടേണ്ടിവരും. നാലുകൊല്ലം കഴിഞ്ഞു. ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി ബഹുമാനപ്പെട്ട മന്ത്രിമാർ ചോദിക്കണ്ടേ? നാലുകൊല്ലമായി പ്രധാനപ്പെട്ട ശംഖുംമുഖം റോഡ് ഒലിച്ചുപോയി ഇല്ലാതായിട്ട് അത് പുനസ്ഥാപിക്കുവാനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് പരിശോധിക്കുമ്പോൾ

മാത്രം കെടുകാര്യസ്ഥതയുടെ, അവഗണനയുടെ, മത്സ്യത്തൊഴിലാളികളോടുള്ള വിവേചനത്തിന്റെ യഥാർത്ഥ ചിത്രം നമ്മുടെ മുമ്പിൽ വരും. ശംഖുംമുഖം റോഡ് നിയമസഭാ മന്ദിരത്തിൽ നിന്നും പത്ത് മിനിട്ടുകൊണ്ട് എത്തിച്ചേരാവുന്ന സ്ഥലമാണ്, ഒരുപാട് ദൂരെയല്ലല്ലോ? നമ്മുടെ മൂക്കിന് താഴെയാണ്. ആ എയർപോർട്ടിലേക്ക് നമുക്ക് പോകാൻ സാധിക്കാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. മൺസൂൺ വരുമ്പോൾ വിമാനത്താവളം അടച്ചിടേണ്ട വളരെ ഗുരുതരമായ ഒരവസ്ഥയിലേക്കുകൂടി വരികയാണ്. മുന്നൊരുക്കങ്ങളെക്കുറിച്ച് ലത്തീൻ അതിരൂപതയുടെ സഹായ മെത്രാൻ മാധ്യമങ്ങളോട് പറഞ്ഞല്ലോ. മൂന്ന് മത്സ്യത്തൊഴിലാളികളുടെ മരണവുമായി ബന്ധപ്പെട്ട് വീഴ്ചയുണ്ടായിട്ടില്ലേ? അന്ന് നമ്മുടെ ദുരന്ത നിവാരണ അതോറിറ്റി നൽകിയ അറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാമെന്നായിരുന്നു. അതനുസരിച്ചാണ് അവർ കടലിൽ പോയത്. അവർ പോയപ്പോൾ കടൽ ക്ഷുഭിതമാകുന്നുവെന്ന് കണ്ട് അവർ തിരിച്ചുവന്നു. ഉൾക്കടലിലല്ല ഈ അപകടം നടക്കുന്നത്. അപകടം നടക്കുന്നത് സംരക്ഷിക്കേണ്ട സംരക്ഷണ സംവിധാനങ്ങളുടെയെല്ലാം മുമ്പിലാണ്. അവർക്ക് പരാതിയുണ്ട്. മറൈൻ ആംബുലൻസ് റെസ്ക്യൂ നടത്തിയില്ല, അത് പരിശോധിക്കണ്ടേ; രണ്ട് മറൈൻ

ആംബുലൻസ് വാങ്ങി കൊട്ടിഘോഷിച്ച് ഉദ്ഘാടനങ്ങൾ നടത്തി. ഇത് ഉൾക്കടലിലല്ല, ഇവരുടെയെല്ലാം കൺമുമ്പിൽ ബോട്ട് മറിഞ്ഞ് അപകടമുണ്ടാകുമ്പോൾ..

മി. സ്പീക്കർ: ഒരു മിനിട്ട് കൂടി.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മറൈൻ ആംബുലൻസിന്റെ റെസ്ക്യൂ ഉണ്ടായിട്ടില്ല. അവിടെ എന്തുകൊണ്ട് മറൈൻ എൻഫോഴ്സ്മെന്റിന്റെ ഫലപ്രദമായ രക്ഷാപ്രവർത്തനമുണ്ടായില്ല. ഉണ്ടായിരുന്നെങ്കിൽ അവരെ രക്ഷപ്പെടുത്തുവാൻ കഴിയുമെന്ന് സഹായ മെത്രാൻ പറഞ്ഞു. ആ മേഖലയിൽ പ്രവർത്തിക്കുന്നവരാണെന്ന് ഇടവകയിലെ പ്രധാനപ്പെട്ട ആളുകൾ പറഞ്ഞു. അവിടത്തെ രാഷ്ട്രീയ നേതാക്കന്മാരും സാമൂഹ്യപ്രവർത്തകരും തിരുവനന്തപുരത്തെ മാധ്യമങ്ങളും പറഞ്ഞു. എന്തുകൊണ്ടാണ് നമ്മുടെ മുന്നൊരുക്ക സംവിധാനങ്ങൾ ഇങ്ങനെ പരാജയപ്പെടുന്നതെന്നും എന്തുകൊണ്ടാണ് അവരെ രക്ഷപ്പെടുത്താനുള്ള സംവിധാനങ്ങൾ ഫലപ്രദമാകാത്തതെന്നും പരിശോധിക്കേണ്ടേ? എന്റെകൂടെ ജില്ലയാണ് കൊല്ലം, അവിടെ കടലും കായലും ചേർന്നുകൊണ്ടിരിക്കുകയാണ്. ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമാണ്. ആ പാരിസ്ഥിതിക പ്രശ്നത്തിന്റെ പ്രയോരിറ്റി അവിടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിലുണ്ടോ? മറ്റൊരു വലിയ

വിഷയമായതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. കടലും കായലും ഏത് സമയവും യോജിക്കും. സുനാമി വന്നപ്പോൾപ്പോലും തകരാതിരുന്ന നിർമ്മാണങ്ങൾ കഴിഞ്ഞ കൊടുങ്കാറ്റുമായി ബന്ധപ്പെട്ട് തകർന്നു.

മി. സ്പീക്കർ: യെസ്. പ്ലീസ്... കൺക്ലൂഡ്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു മിനിട്ടുകൊണ്ട് നിർത്തും.

മി. സ്പീക്കർ: ഒരുമിനിട്ട് കഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞിട്ടില്ല. ഞാൻ സംക്ഷിപ്തമായി പറഞ്ഞവസാനിപ്പിക്കാം. ഗൗരവമായ വിഷയമായതുകൊണ്ടാണ്. ആലപ്പാട് കടലും കായലുംകൂടി യോജിക്കുകയാണ്. 1952-ലെ ഡോ. വേലുക്കുട്ടി അരയന്റെ 'Land Reclamation Scheme' നമ്മുടെ സഭയിലെ ലൈബ്രറിയിൽ ഉണ്ടാകും. ഡോ. വേലുക്കുട്ടി അരയന്റെ 'Land Reclamation Scheme' മുതൽ ഇങ്ങോട്ട് നിരവധിയായ പഠനങ്ങൾ പൊടിപിടിച്ചിരിക്കുകയാണ്. അതിനോടൊപ്പംതന്നെ ഞാൻ നേരത്തെ സൂചിപ്പിച്ച ഓഷ്യൻ വാമിങ്ങിന്റെ ഭാഗമായി കടൽ ചൂടാകുകയാണ്, കടൽ ഉയരുകയാണ്. ഇനിയും ഇത്തരം സംഭവങ്ങളുണ്ടാകും. അതുകൊണ്ട് മൺസൂണിനുമുമ്പായി ഈ പ്രദേശങ്ങളിൽ പുതിയ ക്യാമ്പുകൾ തുടങ്ങണമെങ്കിൽ മാസ് വാക്സിനേഷൻ വേണം. ചെല്ലാനത്ത് മാസ് വാക്സിനേഷൻ വേണം. 60

ശതമാനം ടി.പി.ആർ. ഉണ്ടെന്ന് സർക്കാർ പറയുന്ന സ്ഥലത്ത് മാസ് വാക്സിനേഷൻ നടത്തുവാൻ എന്തുകൊണ്ട് മടിക്കുന്നു. അത്തരം കാര്യങ്ങളിൽ അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടലുകളുണ്ടാകണം, സഭ നിർത്തിവച്ചുതന്നെ ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. കാലാവസ്ഥയുടെ മാറ്റങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ വളരെ ശരിയാണ്. അതനുസരിച്ച് തന്നെ ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വളരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം തീരദേശ പ്രദേശമായ ശംഖുംമുഖം, വലിയതുറ, പൊഴിയൂർ എന്നിവിടങ്ങളിലെ തീരദേശ സംരക്ഷണത്തിനായി നൂതന സാങ്കേതിക വിദ്യയുള്ള ഡയഫ്രം വാൾ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് സംരക്ഷിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ മാത്രമല്ല, എത്രയോ കാലമായി ഇത് തുടർന്നുകൊണ്ടിരിക്കുകയാണ്. നന്നായി പഠനം നടത്തി അതിനുള്ള നടപടികളെടുക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി തീരുമാനിച്ചിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൗരവതരമായ വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്തിനുമാത്രം പരിഹരിക്കാവുന്നൊരു പ്രശ്നമല്ല കാലാവസ്ഥാ വ്യതിയാനം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായി കൈകാര്യം ചെയ്യണമെന്നാണ് സർക്കാർ കാണുന്നത്. വലിയ തോതിലുള്ള സമുദ്ര ഊഷ്മാവ് ഇക്കഴിഞ്ഞ വർഷമാണുണ്ടായതെന്ന് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിക്കുകയുണ്ടായി. കടലിലുണ്ടാകുന്ന പ്രശ്നങ്ങൾ കടൽഭിത്തിയും പുലിമുട്ടുകൊണ്ടും പരിഹരിക്കാവുന്നതല്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ദീർഘകാലമായി നിലനിൽക്കുന്നൊരു പ്രശ്നമാണിത്. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു ഭാഗം, ഒരു അരിക്, ഒരു അതിർത്തി വലിയ തോതിലുള്ള ആക്രമണത്തിന് വിധേയമാകുകയാണ്. നമ്മൾ പലപ്പോഴും അതിനുമുന്നിൽ നിസ്സഹായരായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് കടലാക്രമണത്തിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാനുള്ള പദ്ധതിക്കാണ് സർക്കാർ തയ്യാറാകുന്നത്. അതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ നടപടികൾക്ക് ഇപ്പോൾ തുടക്കം കുറിച്ചുകഴിഞ്ഞു. ഇവിടെ പറഞ്ഞ കിഫ്ബിയുടെ സഹായം,

കിഫ്ബിയിലൂടെ നമുക്ക് ലഭിക്കുന്ന പണം അതിന്റെയൊരു പ്രാരംഭ നടപടിയായാണ് വരുന്നത്. കേരളത്തിന്റെ തീരമാകെ സംരക്ഷിക്കുക, അതിന് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കാനുള്ള സഹായമെന്താണ്; മറ്റ് തരത്തിലുള്ള സഹായങ്ങളെങ്ങനെയാണ്? ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള ഗൗരവമായ പഠനത്തിൽ സർക്കാർ ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ആവർത്തിച്ച് പറയുകയാണ്, അഞ്ച് വർഷകാലയളവിനുള്ളിൽ കേരളത്തിന്റെ കടൽത്തീരം പൂർണ്ണമായും സംരക്ഷിക്കുന്ന രീതിയിലുള്ള നടപടികളുണ്ടാകും. ജിയോട്യൂബിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ജിയോട്യൂബിന്റെ കാര്യത്തിൽ രണ്ട് അഭിപ്രായമുള്ളതിനാൽ അക്കാര്യം പരിശോധിച്ചശേഷം അന്തിമ തീരുമാനമെടുക്കും. കാലവർഷം വരുമ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ വേണ്ടിവരും. അങ്ങനെയുള്ള ക്യാമ്പുകൾ പഴയതുപോലെ സ്ഥാപിക്കാനാകില്ലെന്ന് പറഞ്ഞത് ശരിയാണ്. സർക്കാരും അതുതന്നെയാണ് കാണുന്നത്. മൂന്ന് തരത്തിലുള്ള ക്യാമ്പുകളുണ്ടാകും. നേരത്തെ ഒരു ക്യാമ്പ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ മൂന്നുതരമെന്നു പറയുമ്പോൾ, 1. കോവിഡ് പോസിറ്റീവ് ആയവർക്കും 2. ക്വാറന്റൈനിൽ കഴിയുന്നവർക്കും 3. ഇങ്ങനെയൊന്നും ഇല്ലാത്തവർക്കും. ഇങ്ങനെ മൂന്ന് തരത്തിലുള്ള ക്യാമ്പുകളാണ് ദുരിതാശ്വാസത്തിന്റെ ഭാഗമായി ഒരുക്കാൻ ഉദ്ദേശിക്കുന്നത്.

ഏതെങ്കിലും തരത്തിലുള്ള അവഗണനയോ അല്ലെങ്കിൽ കെടുകാര്യസ്ഥതയോ അല്ല ശംഖുംമുഖത്തിന്റെ കാര്യത്തിലുണ്ടായത്. ശംഖുംമുഖത്ത് ഓരോ വർഷവും ഉണ്ടാകുന്ന അതിഭീകരമായ കടലാക്രമണം ഇത്തവണയും സംഭവിച്ചു. അതിനെ പ്രതിരോധിക്കത്തക്കവിധത്തിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. ആ തീരം സംരക്ഷിക്കാൻ അത് ഫലപ്രദമായി ഉപകരിക്കുമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തിന്റെ ഏറ്റവും വിലപ്പെട്ട സഹോദരങ്ങളാണ്. നാം കേരളത്തിന്റെ സൈന്യമായിട്ടാണ് മത്സ്യത്തൊഴിലാളികളെ അംഗീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവർക്ക് വരുന്ന ഏതൊരു വിഷമവും സംസ്ഥാനത്തിന്റെയാകെ വിഷമമായിട്ടുതന്നെയാണ് നാം കണക്കാക്കുന്നത്. അതിന്റെ ഭാഗമായുള്ള ഇടപെടൽ, അവർ അനുഭവിക്കേണ്ടിവന്ന വിഷമത്തിന് ഏതെല്ലാം തരത്തിലുള്ള സഹായങ്ങൾ അവരുടെ കൂടെനിന്നുകൊണ്ട് ചെയ്യണമോ അതിനെല്ലാം ഈ സർക്കാർ എല്ലാ ഘട്ടത്തിലും തയ്യാറായിട്ടുണ്ട്. ഇനിയും തയ്യാറാകുമെന്നത് ഉറപ്പാണ്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയ്ക്കുവേണ്ടി മറുപടി പറഞ്ഞ ഊർജ്ജ വകുപ്പുമന്ത്രിയുടെയും

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിന്റെ തീരപ്രദേശത്തെ ഒരു കോടിയോളം വരുന്ന ജനങ്ങളെ ഉത്കണ്ഠയിലാഴ്ത്തിയിരിക്കുന്ന ഗൗരവതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. കടലാക്രമണമുണ്ടായ ജില്ലകളിലെ പല പ്രദേശങ്ങളും പരിമിതമായ സമയത്തിനുള്ളിൽ സന്ദർശിക്കാൻ അവസരം ലഭിച്ച ഒരാളാണ് ഞാൻ. തീരപ്രദേശത്ത് ദുരന്തം ദുരിതമായി പെയ്തിറങ്ങിയിരിക്കുകയാണ്. എല്ലാവർക്കും ഉത്കണ്ഠയും ഭീതിയുമാണ്. രണ്ടാഴ്ചമുമ്പ് ഏകദേശം മുപ്പതോ നാൽപ്പതോ മീറ്ററോളം ദൂരത്തുണ്ടായിരുന്ന കടൽ തൊട്ടടുത്ത് എത്തിയിരിക്കുന്നതാണ് അതിന് കാരണമായി അവർ ചൂണ്ടിക്കാണിക്കുന്നത്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പ്രമേയം അവതരിപ്പിക്കാൻ അനുമതി ചോദിച്ചുകൊണ്ട് സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ, ഇത് മേയ് മാസത്തിൽ നടന്ന സംഭവമാണ്. ജൂൺ-ജൂലൈ മൺസൂൺ/കാലവർഷമാണ് വരാൻ പോകുന്നത്. ഈ കാലവർഷത്തിൽ കടൽ എവിടെയെത്തുമെന്നറിയാതെ ഭീതിയോടുകൂടി കുഞ്ഞുങ്ങളെയും ചേർത്തുപിടിച്ച്

കാത്തുനിൽക്കുന്ന അമ്മമാരുടെയും പ്രായമായവരുടെയുമെല്ലാം ദുഃഖവും ഉത്കണ്ഠയും തീരപ്രദേശങ്ങളിൽ നിലനിൽക്കുകയാണ്. മിനിസ്ട്രി ഓഫ് എൻവയോൺമെന്റിന്റെ ഒരു പഠനത്തിൽ പറയുന്നത്, കേരളത്തിലെ 550 കിലോമീറ്റർ ദൂരത്തിലുള്ള തീരപ്രദേശത്തിൽ 530 കിലോമീറ്ററിനേയും ഇത് ബാധിക്കുമെന്നാണ്. കേരള യൂണിവേഴ്സിറ്റിയുടെ അക്വാട്ടിക് ബയോളജി ഡിപ്പാർട്ടുമെന്റും സമാനമായ നിഗമനങ്ങളിൽ എത്തിയിരിക്കുകയാണ്. 550 കിലോമീറ്റർ ദൂരത്ത് 70 ശതമാനം പ്രദേശങ്ങളും critically affected ആണ്. ഓരോ പ്രദേശത്തേക്കുറിച്ചും പ്രത്യേകമായി പറയേണ്ട ആവശ്യമില്ല. ഓഖി ദുരന്തമുണ്ടായപ്പോൾ നിലവിലുണ്ടായിരുന്ന ധാരാളം കടൽഭിത്തികൾ തകർന്നുപോയി. ഇവിടെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സൂചിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനം പ്രധാനപ്പെട്ട ഒരു ഘടകമാണ്. കഴിഞ്ഞ രണ്ടര വർഷക്കാലമായി ശാന്തമായിരുന്ന അറബിക്കടലിൽ പുതിയ ചുഴലിക്കാറ്റുകളുണ്ടാകുന്നു. കാറ്റും മഴയും ഗൗരവതരമായി വർദ്ധിച്ചിരിക്കുന്നു. Ocean currents-ന്റെ ശക്തി കൂടിയിരിക്കുന്നു. വലിയ തിരമാലകൾ കടലിലും തീരപ്രദേശത്തുമുണ്ടാകുമെന്ന് എല്ലാ ദിവസവും കാലാവസ്ഥാ മുന്നറിയിപ്പ് നൽകുകയാണ്. ഇതാണ് സ്ഥിതി. ലോകത്തിൽ ഒരുപക്ഷെ തീരപ്രദേശത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനമാണ് കേരളം. നാഷണൽ ആവറേജ് ഒരു

സ്ക്വയർ കിലോമീറ്ററിൽ 350 പേരാണെങ്കിൽ കേരളത്തിലെ ഒരു തീരപ്രദേശത്ത് ഒരു സ്ക്വയർ കിലോമീറ്ററിൽ താമസിക്കുന്നത് 2020 പേരാണ് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. ഇവിടെ എന്താണുണ്ടായത്? ഒൻപത് തീരദേശ ജില്ലകളിലെ തീരപ്രദേശം തകർന്നിരിക്കുകയാണ്, കേരളത്തിന്റെ ഭൂരിഭാഗവും ഉൾപ്പെടുന്ന പ്രദേശങ്ങളാണവ. വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് തീരപ്രദേശത്തെ പൂർണ്ണമായും സംരക്ഷിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയൊരു പ്രഖ്യാപനം നടത്തി. നമ്മൾ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഈ ഗവൺമെന്റിനെയല്ല ഞങ്ങൾ വിമർശിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഒരു ഗവൺമെന്റുണ്ടായിരുന്നു. അതിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ്, തുടർഭരണം കിട്ടി അധികാരത്തിൽ വന്നതാണ്. വരുന്ന അഞ്ചുവർഷംകൊണ്ട് കേരളത്തിലെ തീരപ്രദേശം പൂർണ്ണമായും സംരക്ഷിക്കുമെന്ന് നിയമസഭയ്ക്ക് ഉറപ്പുനൽകിയ മുഖ്യമന്ത്രിയോട് ഞാൻ വിനയാന്വിതനായി ചോദിക്കുന്നു, കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് എന്താണ് ഇക്കാര്യത്തിൽ ചെയ്തത്; എവിടെയാണ് കടൽഭിത്തി കെട്ടിയത്; എവിടെയാണ് പുലിമുട്ട് നിർമ്മിച്ചത്; എവിടെയാണ് ആന്വൽ മെയിന്റനൻസ് നടത്തിയത്? കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ബഡ്ജറ്റ് രേഖകൾ ഇന്നലെ ഞാൻ പരിശോധിച്ചു. എല്ലാംകൂടി കൂട്ടിനോക്കിയപ്പോൾ കേരളത്തിലെ

തീരപ്രദേശത്തിനുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചത് 12000 കോടി രൂപയാണ്. എന്നാൽ പന്ത്രണ്ട് രൂപയുടെ നടപടിക്രമങ്ങൾ നിങ്ങൾ തീരപ്രദേശത്ത് നടത്തിയോ? പ്രഖ്യാപിച്ച പദ്ധതികളുടെ എന്തെങ്കിലുമൊരു പഠന റിപ്പോർട്ട്, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞോ? ഞാൻ നിയമസഭയിൽ എത്ര പ്രാവശ്യം ചോദ്യങ്ങൾ ചോദിക്കുന്നു. തീരദേശ പാക്കേജ് എന്നുപറഞ്ഞ് ഓരോ പ്രാവശ്യവും 1000 കോടി രൂപ, 2000 കോടി രൂപ, 5000 കോടി രൂപ എന്ന് നിരന്തരമായി വയ്ക്കുന്നതല്ലാതെ തീരപ്രേദശത്തെ സംരക്ഷിക്കാൻ ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുപോലും കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ല എന്നുള്ളത് നിങ്ങൾ ആത്മപരിശോധന നടത്തണം. എന്തുകൊണ്ട് നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ല? അടുത്ത അഞ്ച് വർഷക്കാലം അതുപോലെ തുടരാതിരിക്കാനാണ് സഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി പ്രോജക്ട് ഇംപ്ലിമെന്റേഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. ചെല്ലാനത്ത്, പൊഴിയൂർ, വിഴിഞ്ഞം, ഹരിപ്പാട് എന്നിങ്ങനെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ധാരാളം പ്രോജക്ടുകളുണ്ട്. പക്ഷേ ആ പ്രോജക്ടുകൾ എവിടെവരെ എത്തിയെന്ന് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചിട്ടുണ്ടോ? കോൺട്രാക്ടർമാർ പ്രോജക്ടുകൾ എടുക്കാതെ

പോകുന്നു. പണി നടക്കുന്നില്ല. ചെല്ലാനത്ത് 50 കോടി രൂപയുടെ പദ്ധതി പറഞ്ഞു. ഏത് പദ്ധതിയാണ് നടന്നത്? വീടിനുള്ളിൽ വലിയ കല്ലുകൾ കിടക്കുന്നത് ഞങ്ങൾ പോയി കണ്ടതാണ്. ഒരു പദ്ധതിയും നടന്നിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ജിയോട്യൂബ് ഇടാൻ ചെല്ലാനത്ത് നിയമിച്ചത് ഒരു റോഡുപണി കരാറുകാരനെയാണ്. പ്രീ-ക്വാളിഫിക്കേഷൻ വച്ചുനടത്തേണ്ട പദ്ധതികളെ വളരെ ഷാബിയായും ലഘുവായും നടപ്പാക്കാൻ ശ്രമിച്ചു. വിഴിഞ്ഞം അഴിമുഖത്ത് മണൽ കെട്ടിക്കിടക്കുകയാണ്. അവിടെയാണ് കഴിഞ്ഞ ദിവസം കേരളത്തിന്റെ സൈന്യമായ മൂന്ന് മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞത്. അവിടെനിന്നും പരാതി വന്നിട്ട് എത്ര നാളായി? 2019 മുതൽ പരാതി വരികയാണ്. അഴിമുഖത്ത് മണൽ കെട്ടിക്കിടക്കുന്നു, അദാനിയുടെ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നു, അവിടെനിന്നും തിരകൾ വരുന്നു, ചുഴികൾ രൂപപ്പെടുന്നു. മണ്ണ് മാറ്റണം. മന്ത്രിമാരുടെ യോഗങ്ങളുടെ കാര്യം ഇവിടെ നിങ്ങൾ പറഞ്ഞല്ലോ; എത്രയോ യോഗങ്ങൾ നടത്തി. അദാനിയാണോ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റാണോ മണ്ണ് മാറ്റേണ്ടതെന്ന് നിരന്തരമായ ചർച്ചയാണ്. മന്ത്രിമാർ ചർച്ച നടത്തിയതുകൊണ്ടുമാത്രം കാര്യമില്ല; തീരുമാനങ്ങളുണ്ടാകണം. ആ തീരുമാനങ്ങൾ നടപ്പാക്കണം. 2019-ൽ കൂടിയ യോഗത്തിലെ തീരുമാനം നടപ്പാക്കിയിരുന്നുവെങ്കിൽ

നമ്മുടെ സൈന്യത്തിലെ മൂന്നംഗങ്ങൾക്ക് അവരുടെ ജീവൻ വെടിയേണ്ടി വരുമായിരുന്നില്ല. എന്തുകൊണ്ടാണ് ഇപ്പോഴും നിങ്ങൾ തീരുമാനമെടുക്കാത്തത്? കൊച്ചിയിലെ നേവിയുടെ ഐ.എൻ.എസ്. ദ്രോണാചാര്യ നിങ്ങൾ നോക്കണം. അവർ ഒരു നല്ല മോഡൽ അവിടെ ക്രിയേറ്റ് ചെയ്തു. അവിടെ തീരപ്രദേശത്ത് യാതൊരു പ്രശ്നവുമില്ല. ഞാൻ ഇന്നലെ പൊഴിയൂരിലെ കേരള അതിർത്തിയിൽ പോയി, തൊട്ടപ്പുറത്ത് 54 കിലോമീറ്റർ ദൂരത്ത് തമിഴ്നാട് ഗവൺമെന്റ് പുലിമുട്ട് നിർമ്മിച്ച് മൂന്ന് ഹാർബറുകളുണ്ടാക്കി ആ പ്രദേശത്തെ മുഴുവൻ സംരക്ഷിച്ചിരിക്കുന്നു. അതിന്റെ തൊട്ടിപ്പുറത്ത് കേരളത്തിൽ മുഴുവൻ 30 മീറ്ററും 40 മീറ്ററും കടൽ കരയിലേയ്ക്ക് കയറിയിരിക്കുന്നു. ചെന്നൈ ഐ.ഐ.റ്റി.-യുടെ സ്റ്റഡിയുണ്ട്. ഇതൊന്നും ആരും ചെയ്യുന്നില്ല. നമ്മുടെ പദ്ധതികൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ ഗവൺമെന്റ് ഗൗരവതരമായി നോക്കണം. പ്രകൃതിക്കും കടലിനും തീരദേശവാസിക്കും ഇണങ്ങുന്ന പദ്ധതിയാണോയെന്ന് പരിശോധിച്ചുവേണം ചെയ്യേണ്ടത്. കടൽഭിത്തി കെട്ടിയാലും പുലിമുട്ടിട്ടാലും ജിയോട്യൂബിട്ടാലും ടെട്രാപോഡാണെങ്കിലും ഏതുപദ്ധതിയാണെങ്കിലും നമ്മുടെ കടലിനും പ്രകൃതിക്കും തീരദേശവാസിക്കും ഇണങ്ങുന്നതാണോ എന്ന് പരിശോധിക്കണം. ഇവിടെ 'പുനർഗേഹം' റീ-ഹാബിലിറ്റേഷൻ പദ്ധതിയുണ്ട്. ആ പദ്ധതി രസകരമാണ്.

ആറു ലക്ഷം രൂപ സ്ഥലം വാങ്ങാൻ, നാലു ലക്ഷം രൂപ വീട് പണിയാൻ. ഒന്നാമതായി അവർ സാധാരണ തീരപ്രദേശത്തുനിന്നും പോരില്ല. പോരണമെങ്കിൽ ജീവൻ അപകടത്തിലാകണം. പതിനഞ്ച് സെന്റ് ഉള്ളവനും പത്ത് സെന്റ് ഉള്ളവനും മൂന്ന് സെന്റ് ഉള്ളവനും ആറു ലക്ഷം രൂപയാണ് കൊടുക്കുന്നത്. അവർ വരുമോ; തിരിച്ച ചെന്നാൽ അവരുടെ സ്ഥലം ഉണ്ടാകുമോ; സ്ഥലം കടലെടുത്തുപോകുമോയെന്നുള്ള ഭയംകൊണ്ടാണ് തീരപ്രദേശത്തുനിന്നും ഇങ്ങോട്ട് പോരുന്നത്. ഇവിടെ എത്തിക്കഴിഞ്ഞാൽ ഈ പതിനഞ്ച് സെന്റ് ഉള്ളവനും മൂന്ന് സെന്റ് ഉള്ളവനും കിട്ടുന്നത് 6 ലക്ഷം രൂപയാണ്. ആറ് ലക്ഷം രൂപയ്ക്ക് ആ തീരപ്രദേശത്തിന് സമീപത്ത് എവിടെയാണ് സ്ഥലം വാങ്ങാൻ കഴിയുന്നത്? തീരപ്രദേശത്ത് പട്ടിണി തുടരുകയാണ്. കടലിൽ പോകരുതെന്ന നിരന്തരമായ മുന്നറിയിപ്പാണ്. ഇനിയും മൺസൂൺ വന്നാൽ കടലിൽ പോകാൻ കഴിയില്ല. ഈ പട്ടിണിയിൽനിന്നും അവരെ കര കയറ്റണ്ടേ; നമ്മുടെ സൈന്യമാണ്. നമ്മുടെ സൈന്യത്തെ പട്ടിണിക്കിടണോ? നമ്മുടെ സൈന്യം പട്ടിണിയിലാണ്; വറുതിയിലാണ്. കുഞ്ഞുങ്ങൾവരെ കരയുകയാണ്. കടലിൽ പോയാൽ മത്സ്യസമ്പത്ത് കുറവാണ്. പഴയതുപോലെ മത്സ്യം കിട്ടുന്നില്ല. അനുബന്ധ മത്സ്യത്തൊഴിലാളികൾ.......

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിർഭാഗ്യകരമായ ഒരു വാദമാണ് അങ്ങ് അവതരിപ്പിക്കുന്നത്. അതുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. കടലോരത്തുള്ള മത്സ്യത്തൊഴിലാളികൾ സാധാരണഗതിയിൽ അവിടംവിട്ട് മറ്റൊരു സ്ഥലത്തേയ്ക്ക് മാറാൻ താല്പര്യം കാണിക്കാറില്ല. അപകടാവസ്ഥ കാരണമാണ് അവരെ മാറുന്നതിനുവേണ്ടി പ്രേരിപ്പിക്കാനിടയാകുന്നത്. അത് കുറച്ചുപേർ അംഗീകരിച്ച് നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. കുറച്ചുപേർ അതിന് അങ്ങ് പറഞ്ഞതുപോലെയുള്ളൊരു മനോഭാവം കാണിക്കുന്നുണ്ട്. ആ മനോഭാവക്കാരെ പ്രോത്സാഹിപ്പിക്കുന്ന സമീപനമല്ല നമ്മളാരും സ്വീകരിക്കേണ്ടത്. ഇത് പൊതുവായ ഒരു ആവശ്യമാണ്. അവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് കൂടിയാണ്. അതിന് സഹായകരമാകുന്ന നിലപാടായിരിക്കണം അങ്ങും സ്വീകരിക്കേണ്ടതെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ ഇടപെടലിലൂടെ ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഉയർത്തിയ വാദമുഖങ്ങളെ വളരെ ബുദ്ധിപൂർവ്വം വഴിതിരിച്ചു വിടുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്ന് ഞാൻ വിനയത്തോടെ പറയാൻ ആഗ്രഹിക്കുന്നു. കാരണം ഞാൻ ഈ 10 ലക്ഷം രൂപ കൊടുക്കുന്നതിനെയല്ല എതിർത്തത്. 'പുനർഗേഹം' പദ്ധതിയിലൂടെ പോരാൻ

കഴിയുന്നവരെ നമുക്ക് കൊണ്ടുവരണം. പക്ഷേ പതിനഞ്ച് സെന്റും പത്ത് സെന്റും ഉള്ള ആളുകൾക്ക് കുറേക്കൂടി അട്രാക്ടീവായി ഈ പ്രോജക്ട്/പദ്ധതി മാറ്റണം എന്നുള്ള അഭിപ്രായമാണ് ഞാൻ സർക്കാരിന്റെ മുന്നിലേയ്ക്ക് വച്ചത്. മൺസൂൺ വരാൻ പോകുകയാണ്. മൺസൂൺ വന്നാൽ എന്തുചെയ്യും? ആറുമാസം മുമ്പ് മന്ത്രിമാർ പോയി ഉദ്ഘാടനം ചെയ്ത പൊഴിയൂരിൽ 128 പേരുടെ ഫ്ലാറ്റുണ്ടെന്ന് ഇവിടെ പറഞ്ഞല്ലോ, അത് കൊടുത്തോ; അവരിപ്പോഴും താമസിക്കുന്നുണ്ടോ; എന്തുകൊണ്ടാണ് കഴിഞ്ഞ ആറുമാസം മുമ്പ് നിങ്ങളുടെ മന്ത്രിമാർ ഉദ്ഘാടനം ചെയ്ത 128 പേരുടെ ഫ്ലാറ്റിൽ ഒരാൾ പോലും ഇതുവരെ താമസിക്കാത്തത്? അവിടെ താമസിക്കേണ്ട ആളുകളെ ഇന്നലെ ഞാൻ കണ്ടു. അവർ സ്കൂളിൽ മക്കളും ഭാര്യയുമൊക്കെയായി താമസിക്കുകയാണ്. ഫ്ലാറ്റ് അനുവദിച്ചിരിക്കുന്ന ആളുകൾക്ക് ഫ്ലാറ്റിലേയ്ക്ക് പോകാൻ കഴിയുന്നില്ല. ഫ്ലാറ്റിൽ വെള്ളമില്ല, ഒരു സൗകര്യവുമില്ല. ഇതൊക്കെയല്ലേ ഗവൺമെന്റ് ചെയ്യേണ്ടത്; ഉത്തരവാദിത്വം നിറഞ്ഞ ആളുകൾ ചെയ്യേണ്ടത്? വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ട ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം വളരെ വേഗത്തിലാക്കണം. ഭാഗികമായി വീട് തകർന്നയാളുകൾക്ക് ധനസഹായം വളരെപ്പെട്ടെന്ന് കൊടുക്കണം. ഇവിടെ പ്രിയപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ, പാൻഡമിക്

സിറ്റുവേഷനൊപ്പമാണ് ഈ ദുരന്തവും വന്നിരിക്കുന്നത്. 60 ശതമാനം പോസിറ്റിവിറ്റി റേറ്റുള്ള ഒരു പ്രദേശത്ത് എങ്ങനെയാണ് നമ്മുടെ ഈ ക്യാമ്പുകൾ നടത്തുന്നത്? ഇത് വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസി വളരെ ശ്രദ്ധയോടുകൂടി മൂന്നുസ്ഥലത്ത് താമസിക്കുക എന്നുപറഞ്ഞാലും 60 ശതമാനം പോസിറ്റിവിറ്റി റേറ്റുള്ള തീരപ്രദേശങ്ങളിൽ പുനരധിവാസം അല്ലെങ്കിൽ താൽക്കാലികമായ താമസം എന്നു പറയുന്നത് അപകടകരമാണ്. നമുക്ക് ഈ പാക്കേജുകളൊന്നുമില്ല. വീടുകളിലേയ്ക്ക് തിരിച്ചു പോകാൻ ആളുകൾക്ക് കഴിയണമെങ്കിൽ, ആ വീടിരുന്ന സ്ഥലത്ത് വീടുമില്ല, സ്ഥലവുമില്ല. നമ്മൾ സ്ഥലം കൊടുത്താൽ മാത്രമേ അവർക്ക് വീട് വയ്ക്കാൻ കഴിയുകയുള്ളൂ. അതിന് എത്ര സമയമെടുക്കും? ആ സമയം മുഴുവൻ അവർക്ക് താമസിക്കാൻ വാടകയെങ്കിലും കൊടുക്കുന്ന ഒരു പാക്കേജ് ഗവൺമെന്റ് പ്രത്യേകമായി ഉണ്ടാക്കണം. സാധാരണ പ്രകൃതി ദുരന്തങ്ങൾ വരുമ്പോഴുള്ള പാക്കേജല്ല വേണ്ടത്; തീരപ്രദേശത്തിന് ഒരു പ്രത്യേകമായ പാക്കേജ്. പലർക്കും സ്ഥലത്തിന്റെ ഡോക്യുമെന്റില്ല; സ്ഥലത്തിന്റെ ഡോക്യുമെന്റോ പട്ടയമോ കയ്യിലില്ലാത്ത, ഭൂമിയും വീടും നഷ്ടപ്പെട്ട ഒരാളെ എങ്ങനെയാണ് ഇപ്പോഴുള്ള നടപടിക്രമങ്ങളനുസരിച്ച് പുനരധിവസിപ്പിക്കുന്നത്? സങ്കടങ്ങളുടെ തീരമായി കേരളത്തിലെ കടൽത്തീരങ്ങൾ മാറിയിരിക്കുകയാണ്.

ഞാൻ ദീർഘിപ്പിക്കുന്നില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലമായി 12000 കോടി രൂപ അനുവദിച്ചുവെന്ന് നിരന്തരമായി പ്രഖ്യാപനം നടത്തിയിട്ടും തീരപ്രദേശത്തെ പൂർണ്ണമായും അവഗണിക്കുകയും ആ തീരപ്രദേശത്തെ സങ്കടങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്ത ഈ സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട്, വളരെ പ്രധാനപ്പെട്ട ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നതായി അറിയിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പുതിയ ഗവൺമെന്റ് തെരഞ്ഞെടുക്കപ്പെട്ട് വന്നതിനുശേഷം ഞങ്ങൾ അവതരിപ്പിച്ച ഈ അടിയന്തരപ്രമേയം സത്യസന്ധമായി പറഞ്ഞാൽ ഗവൺമെന്റ് ശ്രദ്ധിച്ചിട്ടില്ല. ഗവൺമെന്റ് ഈ പ്രശ്നം വളരെ ഗൗരവത്തിൽ എടുത്തിരുന്നുവെങ്കിൽ ഇന്ന് ഇത് ചർച്ച ചെയ്യാമായിരുന്നു. അക്കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിലുള്ള ചുഴലിക്കാറ്റും കടൽക്ഷോഭവും അതുമൂലം കടലോര മേഖലകളിൽ ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുമാണ് ഞങ്ങളുടെ അടിയന്തരപ്രമേയത്തിന്റെ വിഷയം. ഇന്ന് കേരളത്തിന്റെ തീരദേശത്ത്

ക്ഷോഭിക്കുന്ന കടൽ, കരയിലാണെങ്കിൽ വലിയ മാറാവ്യാധിയായ കൊവിഡ്, തീരദേശത്തുള്ളവർക്കാണെങ്കിൽ പട്ടിണി. കടലിൽ പോകാൻ പാടില്ലെന്ന വാണിംഗ് ഇടയ്ക്കിടയ്ക്ക് വരും. കടലിൽ പോകാൻ പാടില്ല എന്നുപറഞ്ഞാൽ നിങ്ങൾ ഇനി ജീവിക്കേണ്ട എന്നുപറയുന്നതിന് തുല്യമായിരിക്കും. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് എത്രയെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. അവർ എന്ത് ചെയ്യണം? അടുത്ത അഞ്ചുകൊല്ലം ഞങ്ങൾ ഇത് ഗൗരവത്തിലെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ അഞ്ചുകൊല്ലം ഗവൺമെന്റിന് ഇക്കാര്യത്തിൽ എഫിഷ്യൻസി ഉണ്ടായിട്ടില്ല. എന്നാൽ പുതിയ ഗവൺമെന്റ് വന്നുകഴിഞ്ഞ് ഇത്തരത്തിൽ ഒരു അടിയന്തരപ്രമേയം വരുമ്പോൾ, അതിന് മറുപടി പറയുമ്പോൾ ഗവൺമെന്റ് ആലോചിക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി വായിച്ചു പോയ മറുപടി ഞാൻ മുഴുവൻ കേട്ടതുപോലുമില്ല. വാസ്തവത്തിൽ വളരെ ആലോചിച്ച് മറുപടി പറയേണ്ട ധാരാളം കാര്യങ്ങളുണ്ട്. കടൽ ഉയർന്നുകൊണ്ടിരിക്കുകയാണ്; അടുത്തുതന്നെ എത്രയോ മീറ്റർ ഉയരുമെന്ന് പറഞ്ഞു, എനിക്ക് ഓർമ്മയില്ല. കൊച്ചി, കൊല്ലം പോലെയുള്ള കടലോരപ്രദേശങ്ങളൊന്നും ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോൾ ഉണ്ടാകില്ലെന്നാണ് പറയുന്നത്. അത് ശാസ്ത്രീയമായി പ്രൂവ്ഡ് ആണോ എന്നെനിക്കറിയില്ല. എന്തായാലും ഒരു കാര്യം ഉറപ്പാണ്. കടൽ

കയറിക്കൊണ്ടിരിക്കുകയാണ്. ഇടയ്ക്കിടയ്ക്ക് കൊടുങ്കാറ്റും ഉണ്ടാകുന്നുണ്ട്; മറ്റൊരു ജീവിതമാർഗ്ഗവും ഇല്ലാത്തയാളുകൾക്ക് കടലിൽ പോകാൻ സാധിക്കുന്നില്ലെന്നതും പ്രശ്നമാണ്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയിൽ ഞാൻ വേറെയും ഒരു പ്രശ്നം കണ്ടു. തിരുവനന്തപുരത്ത് തുടങ്ങി കൊച്ചിയിൽ ചെന്ന് അവസാനിക്കുന്നതല്ല കേരളത്തിന്റെ കടൽത്തീരം. അതുകഴിഞ്ഞും കടൽത്തീരമുണ്ട്, അതു നിങ്ങൾ മനസ്സിലാക്കണം. മന്ത്രിമാരുടെ മറുപടിയിൽ കൊച്ചിക്ക് അപ്പുറം പറയുന്നത് കേട്ടതേയില്ല, കൊച്ചിക്ക് അപ്പുറത്തേയ്ക്ക് പോകുന്നില്ല. വണ്ടി അങ്ങോട്ട് നീങ്ങുന്നേയില്ല; പരപ്പനങ്ങാടിയുണ്ട്.....

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, അതിനായി 5000 കോടി രൂപ വച്ചിട്ടുണ്ട്. അതിന്റെ പദ്ധതി രേഖ തയ്യാറാക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അത് നല്ലകാര്യം. പുതിയതായി വകുപ്പ് കൈകാര്യം ചെയ്യാൻ കിട്ടിയ മന്ത്രിമാരാണ്. എന്നാലും റിപ്പോർട്ട് എഴുതികൊടുക്കുമ്പോൾ അവിടെനിന്നും അങ്ങോട്ടുള്ള സ്ഥലങ്ങളുണ്ടാകില്ലേ? പരപ്പനങ്ങാടി, കടലുണ്ടി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മഞ്ചേശ്വരം.....

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): ശ്രീ. പി. സി. വിഷ്ണുനാഥ് അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിച്ചപ്പോഴും

കാസർഗോഡിന്റെ പേര് പറഞ്ഞില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അദ്ദേഹം പറഞ്ഞു. ശ്രീ. പി. സി. വിഷ്ണുനാഥ് മാത്രമേ ഈ പ്രദേശങ്ങളുടെ പേര് നിയമസഭയിൽ പറഞ്ഞുള്ളൂ. അത് രേഖയിലുണ്ട്. ഞാൻ മന്ത്രിമാരെ കുറ്റം പറയുന്നില്ല.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിന്റെ കടൽത്തീരം 590 കി.മീ ദൈർഘ്യമുണ്ടെന്നും 56 ക്രൃഷ്യൽ പോയിന്റ്സുണ്ടെന്നും ഇവിടെ മറുപടി പറഞ്ഞപ്പോൾ വ്യക്തമാക്കി. അതിന്റെ അർത്ഥം അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെയാണെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം.

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി: ഞാൻ കണക്ക് കൂട്ടികൊള്ളാം. പക്ഷേ പറഞ്ഞില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. ചെല്ലാനം, കായംകുളം, കോവളം എന്നിവിടങ്ങളിൽ മന്ത്രിമാർ യോഗംവിളിച്ചുകൂട്ടിയെന്ന് പറഞ്ഞപ്പോൾ അടുത്തുതന്നെ കോഴിക്കോടും കണ്ണൂരും കാസർഗോഡുമൊക്കെ കേൾക്കുമെന്ന് ഞാൻ വിചാരിച്ചു. അങ്ങനെയുണ്ടായില്ല.

മി. സ്പീക്കർ: ദയവായി അങ്ങ് പ്രസംഗം ചുരുക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. കാര്യങ്ങൾ

ചുരുക്കിപ്പറയാം. ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ, കഴിഞ്ഞ അഞ്ചുകൊല്ലത്തെ എഫിഷ്യൻസി അത്ര ഗുണം നൽകുന്നതല്ല, ശുഭോതർക്കമല്ല. പക്ഷേ കടലും കടലോരവും കടൽപ്രദേശവുമൊക്കെ വളരെ ഗൗരവത്തിലുള്ള വിഷയമായി വന്നിരിക്കുകയാണ്. ഭരിക്കുന്നത് നിങ്ങളാണ്. ഞങ്ങൾ ക്രിയാത്മക പ്രതിപക്ഷമാണ്. പക്ഷേ 'സ' മട്ടിലുള്ള ഒരു അപ്രോച്ച് മതിയാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് അങ്ങനെയല്ല ഇനി ഉണ്ടാകാൻ പോകുന്നതെന്ന് പറഞ്ഞത് നല്ലതാണ്. എം.എൽ.എ.-മാരായ ശ്രീ. കെ. പി. എ. മജീദും ശ്രീ. അബ്ദുൾ ഹമീദ് മാസ്റ്ററും ഇവിടെയിരിപ്പുണ്ട്. അതുപോലെ കോഴിക്കോട് എം.എൽ.എ. മന്ത്രിയാണ്. തീരപ്രദേശങ്ങളിൽ വളരെ ഗുരുതരമായ സ്ഥിതിയാണുള്ളത്. ഈ കാര്യത്തിലൊക്കെ വളരെ ഗൗരവമുള്ള ഒരു സമീപനം ഇനിയെങ്കിലും ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ കഴിഞ്ഞ അഞ്ചുകൊല്ലത്തെ അനുഭവംവച്ച് എഫിഷ്യൻസി വളരെ മോശമായിരുന്നു. അതുകൊണ്ട് ഈ പ്രശ്നം അടിയന്തര പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതായിരുന്നു. അത് ഗവൺമെന്റിന് തോന്നാത്തതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കാലാവസ്ഥാ വ്യതിയാനവും കോവിഡുമൊന്നും ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കാര്യങ്ങളല്ല. പക്ഷേ കഴിഞ്ഞ അഞ്ചുവർഷവും മുഴങ്ങിക്കേട്ട തീരദേശത്തെ 12000 കോടി രൂപയുടെ പാക്കേജ് ഇതുവരെ ഗൗരവതരമായി എടുത്തിട്ടില്ല. വളരെ രൂക്ഷമായ കടലാക്രമണം നടക്കുന്ന ഈ അവസരത്തിൽ ഈ വിഷയം ഗൗരവതരമായെടുത്ത് ചർച്ചചെയ്യേണ്ടതായിരുന്നു. ഇത് ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, തീരദേശത്ത് പ്രകൃതിക്ഷോഭവും കടൽകയറ്റവുംകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ ആദ്യത്തേതല്ല. ഒട്ടനവധി സന്ദർഭങ്ങളിൽ ഉണ്ടാകുന്നു, ഇത് ആവർത്തിക്കപ്പെടുന്നു എന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് വ്യക്തമായ ബോധ്യവും അറിവുമുള്ള കാര്യമാണ്. ഇവിടെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 12000 കോടി രൂപയുടെ പദ്ധതികളാണ് കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കിയതെന്ന് കഴിഞ്ഞ ഗവൺമെന്റുതന്നെ ഈ സഭയിൽ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ 12000 കോടി രൂപ

വെള്ളത്തിൽ വരച്ച വര പോലെയായി എന്നുള്ളതാണ് ഇപ്പോൾ ഇത് ആവർത്തിക്കുന്നതിനുള്ള മുഖ്യകാരണം. കൃത്യവും ക്രിയാത്മകവുമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞ അഞ്ചുകൊല്ലം സർക്കാരിന് സാധിക്കാതിരുന്നതാണ് കടൽക്ഷോഭവും ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രതിസന്ധികളും ആവർത്തിക്കാൻ കാരണം. എന്തായാലും മന്ത്രിമാർ പറഞ്ഞ മറുപടിയിൽ വിവിധ യോഗങ്ങൾ വിളിച്ചെന്ന് പറഞ്ഞു. പക്ഷേ യോഗങ്ങളൊക്ക ഫലപ്രദമായി മുന്നോട്ടുപോകുന്നതിനുള്ള സാഹചര്യമൊരുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തലസ്ഥാന നഗരിയിൽ ശംഖുംമുഖത്തിന്റെകാര്യം ഇവിടെ സൂചിപ്പിച്ചു. അതൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതെല്ലാം തീർച്ചയായും കെടുകാര്യസ്ഥതയുടെ കൃത്യമായ ഉദാഹരണങ്ങളാണ്. ഇത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. മത്സ്യമേഖലയുമായി, തീരദേശവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾ നേരിടുന്ന അവരുടെ സാമ്പത്തിക പ്രതിസന്ധികളടക്കം ചർച്ച ചെയ്യേണ്ടിയിരുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണിത്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)